# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T1790 06.03.17 ൽ മറുപടിയ്ക്ക്

**സ്കൂൾ വാഹനങ്ങളുടെ ഡ്രൈവർമാർ**

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | മദ്യപിച്ച് വാഹനം ഓടിച്ചതിന് സ്കൂൾ വാഹനങ്ങളുടെ ഒട്ടേറെ ഡ്രൈവർമാർ കഴിഞ്ഞ ദിവസം പോലീസ് പിടിയിലായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കുട്ടികളുടെ സുരക്ഷ ഉറപ്പ് വരുത്താൻ ഇത്തരം പരിശോധനകൾ സംസ്ഥാനത്ത് ഉടനീളം ശക്തമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശംങ്ങൾ നൽകുമോ; | (ബി) | ഉണ്ട്. സ്കൂൾ ബസുകളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി 1989 ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 153 (ഡി) പ്രകാരം വിവിധ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ചട്ടം അനുസരിച്ച് എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസുകളല്ലാത്ത വാഹനങ്ങളിൽ കുട്ടികളെ കൊണ്ടുപോകുകയാണെങ്കിൽ പ്രസ്തുത വാഹനങ്ങളെ എളുപ്പത്തിൽ തിരിച്ചറിയുന്നതിനായി 'On School Duty' എന്നെഴുതിയ ബോർഡ് വാഹനത്തിന്റെ മുൻവശത്തും പുറകുവശത്തും മുകൾഭാഗത്തായും സ്ഥാപിച്ചിരിക്കണം. സ്കൂൾ ബസുകളിൽ കേരളാ മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 151 പ്രകാരമുള്ള ഫസ്റ്റ് എയ്ഡ് ബോക്സ് കൂടാതെ ഫയർ എസ്റ്റിംഗ്വിഷറും സൂക്ഷിച്ചിരിക്കണം. വാഹനത്തിന്റെ ജനാലകളിൽ തിരശ്ചീനമായിട്ടുള്ള ഗ്രില്ലുകൾ മാത്രമേ ഘടിപ്പിച്ചിരിക്കാവൂ. മാത്രമല്ല, സ്കൂളിന്റെ പേരും ടെലഫോൺ നമ്പറും വാഹനത്തിൽ കാണത്തക്ക ഭാഗത്ത് വ്യക്തമായി പ്രദർശിപ്പിച്ചിരിക്കണം. സ്കൂൾ ബാഗുകൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനായി സീറ്റുകൾക്കിടയിൽ സൗകര്യം |

| | | | |
|---|---|---|---|
| | | | ഉണ്ടായിരിക്കണം. കുട്ടികളുടെ കാര്യങ്ങൾ ശ്രദ്ധിക്കുന്നതിനായി, വാഹനത്തിൽ ഒരു അറ്റൻഡന്റ് ഉണ്ടായിരിക്കണം. വാഹനത്തിൽ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി മാതാപിതാക്കൾ അല്ലെങ്കിൽ രക്ഷാകർത്താക്കൾ വാഹനത്തിൽ സഞ്ചരിച്ചിരിക്കണം. മേൽ പറഞ്ഞവ കൂടാതെ മോട്ടോർ വാഹന ചട്ടം 153 (ഡി) പ്രകാരം ഡ്രൈവർമാർക്കും യോഗ്യതകൾ നിർണ്ണയിച്ചിട്ടുണ്ട്. വാഹനത്തിന്റെ ഡ്രൈവർക്ക് താൻ സ്കൂൾ കുട്ടികളെ കൊണ്ടുപോകാൻ ഉദ്ദേശിക്കുന്ന തരം വാഹനം ഓടിച്ചിട്ടുള്ള കുറഞ്ഞത് 10 വർഷത്തെ പരിചയം ഉണ്ടായിരിക്കണം. റെഡ് ലൈൻ ജമ്പിങ് ലംഘിക്കുക, ലെയിൻ ഡിസിപ്ലിൻ ലംഘിക്കുക, അനധികൃത വ്യക്തികളെ വാഹനം ഓടിക്കാൻ അനുവദിക്കുക തുടങ്ങിയ കുറ്റങ്ങൾക്ക് രണ്ടിൽ കൂടുതൽ പ്രാവശ്യം ശിക്ഷിക്കപ്പെട്ടിട്ടുള്ള വ്യക്തികളെ സ്കൂൾ വാഹനത്തിന്റെ ഡ്രൈവറായി നിയമിക്കുവാൻ പാടുള്ളതല്ല. അമിത വേഗം, മദ്യപിച്ച് വാഹനം ഓടിക്കുക തുടങ്ങിയ കുറ്റങ്ങൾക്ക് ഒരിക്കലെങ്കിലും ശിക്ഷിക്കപ്പെട്ടിട്ടുള്ള വ്യക്തിയെ സ്കൂൾ ബസിന്റെ ഡ്രൈവറായി നിയമിക്കുവാൻ പാടുള്ളതല്ല.മേൽ പറഞ്ഞവ കൂടാതെ വാഹനത്തിൽ സഞ്ചരിക്കുന്ന യാത്രികന്റെ/യാത്രികയുടെ പേര് , രക്ഷിതാക്കളുടെ പേര്, മേൽ വിലാസം, കോണ്ടാക്ട് നമ്പർ എന്നിവ വാഹനത്തിൽ ലാമിനേറ്റ് ചെയ്ത് സൂക്ഷിച്ചിരിക്കണം. ഇവയ്യൊക്കെ ഉപരിയായി മുച്ചക്ര വാഹനങ്ങൾ ഒഴികെയുള്ള സ്കൂൾ കുട്ടികളെ കൊണ്ടുപോകുവാൻ ഉപയോഗിക്കുന്ന വാഹനങ്ങളിൽ മണിക്കൂറിൽ 50 കിലോമീറ്റർ പരമാവധി വേഗതയിൽ സെറ്റ് ചെയ്തിരിക്കുന്ന സ്പീഡ് ലിമിറ്റർ ഡിവൈസ് ഘടിപ്പിച്ചിരിക്കണം. |

| | | | |
|---|---|---|---|
| (സി) | സ്കൂൾ കുട്ടികളെ കൊണ്ടുപോകുന്ന വാഹനങ്ങളിലെ ഡ്രൈവർമാർക്ക് മോട്ടോർ വാഹന വകുപ്പിനെക്കൊണ്ട് പ്രത്യേക പരിശീലനം നൽകുന്ന കാര്യം പരിഗണിക്കുമോ; | (സി) | സ്കൂൾ ബസ് ഡ്രൈവർമാർക്കും, സ്കൂൾ അധികൃതർക്കും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ എന്നിവരുടെ ആഭിമുഖ്യത്തിൽ ബോധവത്ക്കരണ ക്ലാസുകൾ നൽകുന്നുണ്ട്. ഇപ്പോൾ പരിശീലനം നൽകി വരുന്നില്ല. |
| (ഡി) | സ്കൂൾ ബസുകൾ എവിടെ, എത്ര കിലോമീറ്റർ വേഗത്തിൽ സഞ്ചരിക്കുന്നു എന്നിങ്ങനെയുള്ള വിവരങ്ങൾ രക്ഷിതാക്കൾക്ക് ലഭ്യമാക്കുന്നതിന് 'ഗ്ലോബൽ പൊസിഷനിങ്ങ് സിസ്റ്റം' (ജി.പി.എസ്) ബസുകളിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ; | (ഡി) | സ്കൂൾ ബസുകളിൽ ജി.പി.എസ് സംവിധാനം സ്ഥാപിക്കുന്നത് വകുപ്പിന്റെ പരിഗണനയിലാണ്. |
| (ഇ) | സ്കൂൾ ബസുകളിൽ കുട്ടികൾക്ക് ശുഭയാത്ര ഉറപ്പുവരുത്താൻ എന്തൊക്കെ നൂതന നടപടികൾ കൈക്കൊള്ളും; | (ഇ) & (എഫ്) | എല്ലാ സ്കൂൾ ഭാരവാഹികൾക്കും വിദ്യാർത്ഥികളുടെ യാത്രാ സുരക്ഷക്കായി ഒരു അദ്ധ്യാപകനെ നോഡൽ ഓഫീസറായി നിയമിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ സ്കൂളുകളിലും ട്രാഫിക് ക്ലബ്ബുകൾ രൂപീകരിക്കുകയും അതുവഴി അദ്ധ്യാപകർ, ആയമാർ, കുട്ടികൾ എന്നിവർക്ക് റോഡ് സുരക്ഷയെക്കുറിച്ചുള്ള അവബോധം വളർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. എല്ലാ സ്കൂളുകളിലും സ്കൂൾ വാഹനങ്ങളുടെ ഡ്രൈവർമാരുടെ പേര്, ഫോൺ നമ്പർ, വാഹനത്തിന്റെ റൂട്ട് എന്നിവയെക്കുറിച്ചുള്ള വിശദാംശങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കുന്നതിന് നിർദ്ദേശം നൽകുകയും ഇതിന്റെ വിവരങ്ങൾ രക്ഷാകർത്താക്കൾക്ക് ആവശ്യാനുസരണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>സ്കൂൾ വിദ്യാർത്ഥികളുടെ യാത്രാ സുരക്ഷയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.<br>1.ജില്ലാ തലം മുതൽ പഞ്ചായത്ത് തലം വരെ സ്റ്റുഡന്റ്സ് റോഡ് സുരക്ഷാ സമിതികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഈ വിഷയത്തിൽ അവശ്യനടപടി സ്വീകരിക്കാൻ റോഡ് സുരക്ഷാ അതോറിറ്റിയോട് അപേക്ഷിച്ചിട്ടുണ്ട്.<br>2.സ്കൂളുകളുടെ പരിസരത്ത് വേഗനിയന്ത്രണ ബോർഡുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിലെ റോഡ് സുരക്ഷാ വിഭാഗത്തിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (എഫ്) | ഇതിനായി സ്കൂൾ അധികൃതർ, രക്ഷിതാക്കൾ എന്നിവരുടെ സഹകരണം ഉറപ്പ് വരുത്തുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | | |

| | | | |
|---|---|---|---|
| | | | 3.പ്രധാന റോഡുകൾക്ക് സമീപമുള്ള എല്ലാ സ്കൂളുകളിലും ഫുട് ഓവർ ബ്രിഡ്ജ് സ്ഥാപിക്കുന്നതിലേക്കായി അവശ്യ നടപടി സ്വീകരിച്ചു വരുന്നു.<br>4. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒരു വോളന്ററി നോഡൽ ഓഫീസറുടെ കീഴിൽ ഒരു ടീമിനേയും നിയോഗിച്ചു വരുന്നു.<br>5. ഓരോ ജില്ലയിലും ജില്ലാ റോഡ് സുരക്ഷാകൗൺസിൽ മുഖാന്തിരം ട്രാഫിക് പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ